# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.08.2024** | **പ്രധാന വാർത്തകൾ** | **TIME : 07.25 PM**

1) 78 -മത് സ്വാതന്ത്ര്യദിനം പ്രൗഢോജ്ജ്വലമായി ആഘോഷിച്ച് രാഷ്ട്രം; ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയ പതാക ഉയർത്തി.

   **Prime Minister Narendra Modi hoisted the national flag at the Red Fort as the nation celebrated the 78th Independence Day with grandeur.**

2) രാജ്യത്ത് മതേതര സിവിൽ കോഡ് അനിവാര്യമെന്ന് സ്വാതന്ത്ര്യദിന അഭിസംബോധനയിൽ പ്രധാനമന്ത്രി; മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ, അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 75,000 സീറ്റുകൾ സൃഷ്ടിക്കും.

   **The Prime Minister stressed that the country should have a secular Civil Code; In the field of medical education, 75,000 seats will be created in the next five years.**

3) സംസ്ഥാനങ്ങളിലും വിപുലമായ സ്വാതന്ത്ര്യദിനാഘോഷങ്ങൾ; പാരീസ് ഒളിമ്പിക്സ് മെഡൽ ജേതാക്കളുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

   **Elaborate Independence Day celebrations in states too; The Prime Minister met the medal winners of the Paris Olympics.**

4) പശ്ചിമ ബംഗാളിൽ, വനിതാ ഡോക്ടറുടെ കൊലപാതകത്തിൽ പ്രതിഷേധം ശക്തം; കേരളത്തിലെ ഡോക്ടർമാരും നാളെ സമരത്തിന്.

**In West Bengal, protest over woman doctor's murder is strong; Doctors in Kerala are also on strike tomorrow.**

5) ചക്രവാതച്ചുഴിയുടെ പ്രഭാവത്താൽ കേരളത്തിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത ; നാളെ പത്തനംതിട്ടയും ഇടുക്കിയിലും ഓറഞ്ച് ജാഗ്രത.

**There is a possibility of heavy rain in Kerala in the coming days; Orange alert for Pathanamthitta and Idukki tomorrow.**

****************************************************

## HEADLINE-1
## IND GENERAL

78 -മത് സ്വാതന്ത്ര്യദിനം പ്രൗഢോജ്ജ്വലമായി ആഘോഷിച്ച് രാഷ്ട്രം. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയ പതാക ഉയർത്തിയാണ് രാജ്യത്തെ സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്ക് തുടക്കമിട്ടത്. രാവിലെ ഏഴ് മണിയോടെ രാജ്ഘട്ടിലെത്തി പുഷ്പാർച്ചന നടത്തിയശേഷം ചുവപ്പുകോട്ടയിലെത്തിയ പ്രധാനമന്ത്രിയെ കേന്ദ്രമന്ത്രി രാജ്നാഥ് സിംഗിൻറെ നേതൃത്വത്തിൽ സ്വീകരിച്ചു. വിവിധ സേനകളുടെ ഗാഡ് ഓഫ് ഓണറും പ്രധാനമന്ത്രി സ്വീകരിച്ചു. തുടർന്ന് അദ്ദേഹം രാജ്യത്തെ അഭിസംബോധന ചെയ്തു. 98 മിനിറ്റാണ് പ്രധാനമന്ത്രിയുടെ പ്രസംഗം നീണ്ടത്. കേന്ദ്രമന്ത്രിമാർ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, പാരീസ് ഒളിമ്പിക്സ് മെഡൽ ജേതാക്കൾ, ഗോത്രസമൂഹം, കർഷകർ, സ്ത്രീകൾ, വിവിധ പദ്ധതികളുടെ ഗുണഭോക്താക്കൾ തുടങ്ങി 6,000 അതിഥികൾ ചുവപ്പ് കോട്ടയിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് സാക്ഷ്യം വഹിച്ചു.

**********************************

# HEADLINE-2

## PM-INDEPENDENCE DAY (INTRO)

രാജ്യത്ത് മതേതര സിവിൽ കോഡ് അനിവാര്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഒരു രാഷ്ട്രം, ഒരു തെരഞ്ഞെടുപ്പ് അതിനായി രാഷ്ട്രീയ പാർട്ടികൾ മുന്നോട്ട് വരണമെന്നും ന്യൂഡൽഹയിലെ ചുവപ്പ് കോട്ടയിൽ നടന്ന സ്വാതന്ത്ര്യദിന അഭിസംബോധനയിൽ അദ്ദേഹം രാജ്യത്തോട് പറഞ്ഞു.

**(ഹോൾഡ് പി.എം. വോയിസ്)**

*രാജ്യത്തെ 140 കോടി ജനങ്ങൾ ദൃഢനിശ്ചയത്തോടെ ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ, എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്ത് 2047 ഓടെ വികസിത ഭാരതം എന്ന സ്വപ്നം കൈവരിക്കാൻ നമുക്ക് ആകും. രാഷ്ട്രനിർമ്മാണത്തിനും സംരക്ഷണത്തിനുമായി സമർപ്പിക്കപ്പെട്ട വ്യക്തിത്വങ്ങളെ അഭിവാദ്യം ചെയ്യാനുള്ള അവസരമാണ് ഇതെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.വോക്കൽ ഫോർ ലോക്കൽ പ്രചാരണപരിപാടിയുടെ വിജയത്തിൽ ശ്രീ. മോദി ആഹ്ളാദം പങ്കുവച്ചു. അടുത്തിടെയുണ്ടായ പ്രകൃതി ദുരന്തങ്ങളിൽ ആശങ്ക രേഖപ്പെടുത്തിയ പ്രധാനമന്ത്രി, രാജ്യം ദുരിതബാധിതരോടൊപ്പമുണ്ടെന്നും വ്യക്തമാക്കി. രാജ്യത്തെ ശാക്തീകരിക്കാനുള്ള പരിഷ്കരണങ്ങൾ നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയെ സുശക്തമാക്കുന്നതിൽ, ബഹിരാകാശ മേഖല നിർണ്ണായകമാണ്, ഇത് മുന്നിൽ കണ്ട് ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണമാണ് സർക്കാർ നടത്തുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. കഴിഞ്ഞ പത്ത് വർഷങ്ങൾക്കിടെ പത്ത് കോടി സ്ത്രീകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഭാഗമായി, സാമ്പത്തിക സ്വാതന്ത്ര്യം കൈവരിച്ചു. സ്വയം സഹായ സംഘങ്ങൾക്ക്, സർക്കാർ ഒൻപത്*

*ലക്ഷം കോടി രൂപ വിതരണം ചെയ്യുവെന്നും പ്രധാനമന്ത്രി പറഞ്ഞു. അയൽ രാജ്യങ്ങൾ സമൃദ്ധിയുടെയും സമാധാനത്തിൻറെയും പാതയിലൂടെ സഞ്ചരിക്കണമെന്നാണ് ഇന്ത്യ ആഗ്രഹിക്കുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. ബംഗ്ലാദേശിലെ സ്ഥിതിഗതികളിൽ ഇന്ത്യക്ക് ആശങ്കയുണ്ടെന്ന് പറഞ്ഞ പ്രധാനമന്ത്രി, എത്രയും വേഗം ബംഗ്ലാദേശ് സാധാരണ നിലയിലേക്ക് എത്തട്ടെയെന്നും പ്രത്യാശിച്ചു. രാജ്യത്ത് നിലവിൽ വന്ന പുതിയ ക്രിമിനൽ നിയമങ്ങൾ, ശിക്ഷയേക്കാൾ, പൗരന്മാർക്ക് നീതി നൽകാനാണ് ലക്ഷ്യമിടുന്നത്. പ്രതിരോധ മേഖലയിൽ രാജ്യം സ്വാശ്രയത്വം കൈവരിക്കുകയാണെന്നും, പ്രതിരോധ ഉൽപ്പാദന കേന്ദ്രമായി ഇന്ത്യ ഉയർന്നു വരുകയാണെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ ഇന്ത്യയുടെ വളർച്ചയിൽ ലോകം ആശങ്കപ്പെടേണ്ടതില്ലെന്നും, നമ്മുടെ വികസനം ആർക്കും ഭീഷണി ഉയർത്തുന്നതല്ലെന്നും പ്രധാനമന്ത്രി പറഞ്ഞു.*

*ന്യൂസ് ഡെസ്ക് ആകാശവാണി....*

***********************************

## HEADLINE-2A
## PM - MEDICAL SEAT

മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ, അടുത്ത അഞ്ച് വർഷത്തനുള്ളിൽ 75,000 സീറ്റുകൾ സൃഷ്ടിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സ്വാതന്ത്ര്യദിന പ്രസംഗത്തിൽ വ്യക്തമാക്കി. യുവജനങ്ങളുടെ ആത്മവിശ്വാസം ഊട്ടിയുറപ്പിക്കുന്ന നിരവധി നടപടികൾ കഴിഞ്ഞ ഒരു ദശാബ്ദത്തിൽ സർക്കാർ സ്വീകരിച്ചുവെന്ന് പറഞ്ഞ പ്രധാനമന്ത്രി, പാരീസ് ഒളിമ്പിക്സിൽ പങ്കെടുത്ത കായികതാരങ്ങളെ അനുമോദിച്ചു. 2036 ൽ ഒളിമ്പിക്സിന് ആതിഥ്യമരുളുക എന്ന സ്വപ്നം യാഥാർഥ്യമാക്കാൻ

തയ്യാറെടുപ്പുകൾ നടന്നു വരുന്നതായും പ്രധാനമന്ത്രി രാജ്യത്തെ അറിയിച്ചു.

(ഹോൾഡ് പി.എം. വോയിസ്)

***********************************

## HEADLINE-3
## IND CELEB-KERALA

78-ാമത് സ്വാതന്ത്ര്യദിനം സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും സമുചിതമായി ആഘോഷിച്ചു. കേരളത്തിലും പ്രൗഢമായ ആഘോഷങ്ങളാണ് നടന്നത്. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ കേരള മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തി. ഒരുമയും ഐക്യവും ഊട്ടിയുറപ്പിച്ച് നവകേരള നിർമ്മിതിയിൽ മുന്നേറാനാകണമെന്ന് മുഖ്യമന്ത്രി സ്വതന്ത്ര്യ ദിന സന്ദേശത്തിൽ പറഞ്ഞു. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുഃഖത്തിന്റെ അന്തരീക്ഷത്തിലാണ് ഇത്തവണത്തെ സ്വാതന്ത്യദിനമെന്നും ശ്രീ പിണറായി വിജയൻ ചൂണ്ടിക്കാട്ടി. ജില്ലാ ആസ്ഥാനങ്ങളിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷ പരിപാടികളിൽ വിവിധ മന്ത്രിമാർ അഭിവാദ്യം സ്വീകരിച്ചു.

***********************************

## PM-WORLD LEADERS

രാജ്യം 78 ആം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുന്ന ഇന്ന് സ്വാതന്ത്ര്യ ദിനാശംസകൾ നേർന്ന ലോക നേതാക്കൾക്ക് നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആശംസ അറിയിച്ച മാലിദ്വീപ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസു, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോ എന്നിവരോടുള്ള കൃതജ്ഞത പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ പങ്കുവയ്ച്ചു. സ്വാതന്ത്ര്യ

ദിനാശംസകൾ നേർന്ന നേപ്പാളിലെയും ഭൂട്ടാനിലെയും പ്രധാനമന്ത്രിമാർക്കും ശ്രീ മോദി, നന്ദി അറിയിച്ചു.

**********************************

## BEATING THE RETREAT

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി അട്ടാരി- വാഗ അതിർത്തിയിൽ വിപുലമായ BEATING THE RETREAT ചടങ്ങ് നടന്നു. 78-ാം സ്വാതന്ത്ര്യദിനത്തിൽ പതിവിലും പ്രൗഢമായി നടന്ന ചടങ്ങു കാണാൻ നിരവധി പേരാണ് എത്തിയത്. ഇന്ത്യൻ അതിർത്തിയിലെ ഒന്നാം കാവൽ നിരയായ ബിഎസ്എഫിന്റെ കായിക ക്ഷമതയും പരിശീലന മികവും വെളിവാക്കുന്നതായിരുന്നു ചടങ്ങ്.

**********************************

## HEADLINE-3A

## PM-PARIS

പാരീസ് ഒളിമ്പിക്സിൽ പങ്കെടുത്ത ഇന്ത്യൻ സംഘവുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിലെ വസതിയിൽ കൂടിക്കാഴ്ച നടത്തി. മെഡൽ ജേതാക്കളായ മനു ഭാകർ, നീരജ് ചോപ്ര, സ്വപ്നിൽ കുസാലെ, ഇന്ത്യൻ പുരുഷ ഹോക്കി ടീം, സരബ് ജ്യോത്സിംഗ് എന്നിവർ തങ്ങളുടെ ഒളിമ്പിക് അനുഭവങ്ങൾ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി നേരിൽ പങ്കുവെച്ചു. ഹോക്കി ടീമിലെ എല്ലാ താരങ്ങളും ഒപ്പിട്ട ജേഴ്സി പി.ആർ. ശ്രീജേഷും, ക്യാപ്റ്റൻ ഹർമൻ പ്രീത്സിംഗ് തന്റെ ഹോക്കി സ്റ്റിക്കും പ്രധാനമന്ത്രിക്ക് സമ്മാനിച്ചു.

**********************************

## UAE I-DAY CELEBRATION

78 ആം സ്വാതന്ത്ര്യദിനം സമുചിതമായി ആഘോഷിച്ച് യു എ ഇ യിലെ ഇന്ത്യൻ സമൂഹം. അബുദാബിയിലെ ഇന്ത്യൻ എംബസി, ദുബായിലെ കോൺസുലേറ്റ് ജനറൽ കാര്യാലയങ്ങളിലും, വിവിധ എമിറേറ്റുകളിലും ത്രിവർണ പതാക ഉയർത്തി. ഇന്ത്യൻ സ്ഥാനപതിമാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ ആഘോഷപരിപാടികളിൽ സംബന്ധിച്ചു.

*********************************

## HEADLINE-4
## WB-PROTEST

പശ്ചിമ ബംഗാളിലെ കൊൽക്കത്തയിൽ വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിഷേധ സമരം നടത്തിയവർക്ക് നേരെ ആക്രമണം. പ്രതിഷേധിച്ച ആരോഗ്യ പ്രവർത്തകരെ ഒരു സംഘം ആളുകൾ മർദിക്കുകയായിരുന്നു. ആർ ജി കർ മെഡിക്കൽ കോളേജിനു നേരെയും ഇവർ ആക്രമണം നടത്തി. അതിനിടെ സംഭവത്തിൽ 9 പേരെ പൊലീസ് അറസ്റ്റ് ചെയ്തു. കേസിൽ അന്വേഷണം നടത്തുന്ന സിബിഐ സംഘം ആർ ജി കർ മെഡിക്കൽ കോളേജിലെത്തി. വനിതാ ഡോക്ടറുടെ മാതാപിതാക്കളെയും സംഘം സന്ദർശിച്ചു.

*********************************

## HEADLINE-4A
## KERALA DOCTORS STRIKE

കൊൽക്കത്തയിൽ വനിത ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ വ്യാപക പ്രതിഷേധം. കേരളത്തിലെ ഡോക്ടർമാർ നാളെ സംസ്ഥാന വ്യാപകമായി സമരം നടത്തും. പി ജി ഡോക്ടർമാരും സീനിയർ റെസിഡന്റ്

ഡോക്ടർമാരും ഒ പി ഡ്യൂട്ടിയും വാർഡ് ഡ്യൂട്ടിയും ബഹിഷ്കരിക്കുമെന്ന് കെ ജി എം ഒ എ അറിയിച്ചു. എന്നാൽ അത്യാഹിത വിഭാഗങ്ങളിൽ സേവനം ഉണ്ടാകും. രാജ്യവ്യാപക പ്രതിഷേധം തുടരുമെന്ന് ഫെഡറേഷൻ ഓഫ് റെസിഡന്റ് ഡോക്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയും അറിയിച്ചിട്ടുണ്ട്.

**********************************

## MULLAPERIYAR-ROSHI AGUSTIN

മുല്ലപ്പെരിയാറിൽ പുതിയ ഡാം എന്നതാണ് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. നിയമസഭ ഐക്യകണ്ഠേന പാസാക്കിയ വിഷയമാണിതെന്നും, സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസ് എന്ന പരിമിതിയുണ്ടെങ്കിലും, തീരുമാനത്തിൽ നിന്ന് പിന്നോട്ടില്ലെന്നും മന്ത്രി ഇടുക്കിയിൽ പറഞ്ഞു.

**********************************

## ISRO

ISRO വികസിപ്പിച്ച ഏറ്റവും പുതിയ ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS-08 ന്റെ വിക്ഷേപണം നാളെ രാവിലെ 08.50 ന് നടക്കും. SSLV-D3 റോക്കറ്റാണ് ഉപഗ്രഹത്തെ വഹിക്കുന്നത്. മൈക്രോസാറ്റലൈറ്റ് രൂപകൽപ്പന ചെയ്യുകയും വികസിപ്പിക്കുകയും ചെയ്യുകയാണ് EOS-08 ന്റെ ലക്ഷ്യം. ഈ ചെറു ഉപഗ്രഹത്തിന് 175.5 കിലോഗ്രാം മാത്രമാണ് ഭാരം. EOS-08 ന് ഭ്രമണപഥത്തിലെത്തിക്കാൻ ഉപയോഗിക്കുന്ന SSLV ഐഎസ്ആർഒയുടെ ഏറ്റവും ചെറിയ റോക്കറ്റാണ്.

**********************************

**HEADLINE-5**

## WEATHER KERALA

അറബികടലിനും തെക്കൻ കേരളതീരത്തിനും മുകളിലായി ചക്രവാതചുഴി രൂപപ്പെട്ടതിനാൽ കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഇടിയോടുകൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കൊങ്കൺ മുതൽ തിരുവനന്തപുരം വരെ ന്യൂനമർദ്ദ പാത്തിയും സ്ഥിതി ചെയ്യുന്നുണ്ട്. ഇന്ന് കോഴിക്കോടും വയനാടും നാളെ പത്തനംതിട്ടയിലും ഇടുക്കിയിലും ഓറഞ്ച് ജാഗ്രത നിർദ്ദേശമുണ്ട്. ഈ മാസം 19 വരെ കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിനും വിലക്കേർപ്പെടുത്തി.

**************************************

## JAISHANKAR-KUWAIT

വിദേശകാര്യ മന്ത്രി ഡോ എസ് ജയ്ശങ്കർ ഞായറാഴ്ച കുവൈത്ത് സന്ദർശിക്കും. സന്ദർശന വേളയിൽ കുവൈത്ത് വിദേശകാര്യമന്ത്രി അബ്ദുല്ല അലി അൽ-യഹ്യയുമായും മറ്റു ഭരണാധികാരികളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.

*

***************************

************************************************